"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- പ്രിൻസിപ്പൽ ഡയറക്ടറുടെ 2023 ലെ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരെ സമർപ്പിക്കപ്പെട്ട ശ്രീമതി.രജിത.കെ.വി, ശ്രീമതി.ഷീബ ജോർജ്, ശ്രീമതി.അർച്ചന പങ്കജ്, ശ്രീ.പ്രദീപ് കുമാർ.സി, ശ്രീമതി.ലിപിത.കെ.പി, ശ്രീമതി.സ്മിത.പി.എസ്, ശ്രീമതി.ആതിര.എൻ, ശ്രീമതി.ലാലി സേവിയർ.കെ, ശ്രീമതി.ലെജി.എച്ച്, ശ്രീ.പ്രവീൺ കുമാർ.കെ, ശ്രീ.സജ്ജദ്.കെ.പി എന്നിവരുടെ അപ്പീൽ അപേക്ഷ തീർപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.2002/2023/LSGD തീയതി,തിരുവനന്തപുരം, 11-10-2023

---

പരാമർശം:-

1. ശ്രീമതി.രജിത.കെ.വി, ശ്രീമതി.ഷീബ ജോർജ്, ശ്രീമതി.അർച്ചന പങ്കജ്, ശ്രീ.പ്രദീപ് കുമാർ.സി, ശ്രീമതി.ലിപിത.കെ.പി, ശ്രീമതി.സ്മിത.പി.എസ്, ശ്രീമതി.ആതിര.എൻ, ശ്രീമതി.ലാലി സേവിയർ.കെ, ശ്രീമതി.ലെജി.എച്ച്, ശ്രീ.പ്രവീൺ കുമാർ.കെ, ശ്രീ.സജ്ജദ്.കെ.പി എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ.
2. 20.09.2023 ന് ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പ്.

<u>ഉത്തരവ്</u>

പ്രിൻസിപ്പൽ ഡയറക്ടറുടെ 2023 ലെ പൊതുസ്ഥലംമാറ്റ ഉത്തരവുകൾക്കെതിരെ പരാമർശം 1 പ്രകാരം സമർപ്പിക്കപ്പെട്ടിട്ടുള്ള അപ്പീൽ അപേക്ഷകൾ പരാമർശം 2 പ്രകാരം ചേർന്ന അപ്പീൽ കമ്മിറ്റി പരിഗണിക്കുകയും ചുവടെ ചേർക്കും പ്രകാരം തീരുമാനം കൈക്കൊള്ളുകയും ചെയ്തിരുന്നു.

**<u>1. ശ്രീമതി. രജിത കെ.വി, ഓവർസിയർ ഗ്രേഡ് - III</u>** ശ്രീമതി.രജിത.കെ.വി-യുടെ അപേക്ഷ പരിഗണിച്ച് കണ്ണൂർ ജില്ലയിൽ ഒഴിവുണ്ടായിരുന്ന മലപ്പട്ടം ഗ്രാമപഞ്ചായത്തിൽ സ്ഥലംമാറ്റം നൽകി നിയമിച്ചിട്ടുള്ളതായും ടിയാരിയുടെ പരാതി പരിഹരിക്കപ്പെട്ടതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത അപേക്ഷ തീർപ്പാക്കുവാൻ തീരുമാനിച്ചു.

**<u>2. ശ്രീമതി. ഷീബ ജോർജ്, ഓവർസിയർ ഗ്രേഡ് - I</u>**

20.02.2023 ലെ സ.ഉ (കൈ)നം.53/2023/തസ്വഭവ പ്രകാരം തൃശ്ശൂർ വികസന അതോറിറ്റിയിലെ നാല് സാങ്കേതിക വിഭാഗം ജീവനക്കാരെ തസ്വഭ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലേയ്ക്ക് 01.04.2017 തീയതി

മാനദണ്ഡമാക്കി അതാത് തസ്തികകളിലേയ്ക്ക് ജൂനിയർ മോസ്റ്റ് ആയി ആഗിരണം ചെയ്തിരുന്നു. അത്തരത്തിലാണ് ശ്രീമതി.ഷീബ ജോർജിനെ തസ്വഭ വകുപ്പിന്റെ കേഡർ സ്ട്രെങ്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടിയാരി പൊതു സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിരുന്നില്ല. പൊതു സ്ഥലംമാറ്റ മാനദണ്ഡത്തിനു വിധേയമായി 3 വർഷം പൂർത്തിയാക്കിയിട്ടുള്ളതിനാലാണ് സ്ഥലംമാറ്റിയിട്ടുള്ളതെന്നും, ടിയാരിയുടെ വാദം പൊതുസ്ഥലം മാറ്റ മാനദണ്ഡം അനുസരിച്ച് പരിഗണന അർഹിക്കുന്നില്ല എന്നു കാണുന്നതിനാലും, അപ്പീലിൽ അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള , ശമ്പളം ലഭ്യമാകാത്ത പ്രശ്നം പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് പ്രിൻ. ഡയറക്ടറുടെ കാര്യാലത്തിലെ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുള്ളതിനാലും ടിയാരിയുടെ അപേക്ഷ നിരസിക്കുവാൻ തീരുമാനിച്ചു.

**3. ശ്രീമതി. അർച്ചന പങ്കജ്, ഓവർസിയർ ഗ്രേഡ് - I**

ചേർത്തല നഗരസഭയിൽ നിന്നും കൊല്ലം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നാണ് അപേക്ഷക ആവശ്യപ്പെട്ടിരുന്നത്. 07.11.2022 -ൽ നിയമന ഉത്തരവ് നൽകിയിട്ടുള്ള അപേക്ഷക പ്രസ്തുത സ്ഥലത്ത് 3 വർഷം പൂർത്തിയാക്കിയിട്ടില്ലാത്തതിനാലാണ് സ്ഥലംമാറ്റം അനുവദിക്കാത്തത്. എന്നാൽ ടിയാരിയ്ക്ക് പ്രസവാവധി കഴിഞ്ഞ് തിരികെ എത്തുന്ന വനിത, മുലയൂട്ടുന്ന അമ്മ എന്നീ പരിഗണനകൾ നൽകേണ്ടതുള്ളതിനാൽ, അനുകമ്പാർഹമായ കാരണങ്ങൾ പരിഗണിച്ച്, കൊല്ലം ജില്ലയിലേയ്ക്ക്, പൊതു സ്ഥലംമാറ്റ മാനദണ്ഡപ്രകാരം ടി കാറ്റഗറിയിൽ ക്യൂ ലിസ്റ്റിൽ ഉള്ളവരെ പരിഗണിച്ചതിനു ശേഷം വരുന്ന ഒഴിവിൽ മുൻഗണന നൽകി നിയമിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് അപ്പീൽ തീർപ്പാക്കുവാൻ തീരുമാനിച്ചു.

**4. ശ്രീ. പ്രദീപ് കുമാർ സി, ഓവർസിയർ ഗ്രേഡ് - I**

ശ്രീ.പ്രദീപ് കുമാർ.സി-യുടെ അപേക്ഷ പരിഗണിച്ച് തിരുവനന്തപുരം കോർപ്പറേഷനിലേക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചിട്ടുള്ളതായും ടിയാളുടെ പരാതി പരിഹരിക്കപ്പെട്ടതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

**5. ശ്രീമതി. ലിപിത കെ.പി, ഓവർസിയർ ഗ്രേഡ് - III**

ശ്രീമതി.ലിപിത.കെ.പി.-യുടെ അപേക്ഷ പരിഗണിച്ച് വയനാട് ജില്ലയിൽ ഒഴിവുണ്ടായിരുന്ന പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചിട്ടുള്ളതായും ടിയാളുടെ പരാതി പരിഹരിക്കപ്പെട്ടതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത അപ്പീൽ അപേക്ഷ തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

**6. ശ്രീമതി. സ്മിത പി.എസ്. ഓവർസിയർ ഗ്രേഡ് - III**

ശ്രീമതി.സ്മിത.പി.എസ്-ന്റെ അപേക്ഷ പരിഗണിച്ച് എറണാകുളം ജില്ലയിൽ ഒഴിവുണ്ടായിരുന്ന നായരമ്പലം ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചിട്ടുള്ളതായും ടിയാളുടെ പരാതി പരിഹരിക്കപ്പെട്ടതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത അപ്പീൽ അപേക്ഷ തീർപ്പാക്കുവാൻ തീരുമാനിച്ചു.

**7. ശ്രീമതി. ആതിര എൻ. ഓവർസിയർ ഗ്രേഡ് - III**

ശ്രീമതി.ആതിര.എൻ. ഓപ്റ്റ് ചെയ്തിരുന്ന 4 -മത്തെ സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം നൽകിയിട്ടുള്ളതായും ടിയാരിയുടെ ഹയർ ഓപ്ഷനുകളിൽ ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ അവിടേയ്ക്ക് ടിയാളെ പരിഗണിക്കാൻ കഴിയില്ല എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. മേൽ സാഹചര്യത്തിൽ ടിയാളുടെ അപ്പീൽ നിരസിക്കുവാൻ തീരുമാനിച്ചു.

**8. ശ്രീമതി. ലാലി സേവിയർ കെ. സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്**

ടൈപ്പിസ്റ്റ് തസ്തികയുടെ സ്ഥലംമാറ്റം ജില്ലാതലത്തിൽ പരിമിതപ്പെടുത്തിയിട്ടുള്ളതും, ആയതിന്റെ അപ്പീൽ അധികാരി പ്രിൻസിപ്പൽ ഡയറക്ടറുമാണ്. ആയതിനാൽ അപ്പീൽ പരിശോധിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിനും വിവരം അപേക്ഷകയെ അറിയിക്കുന്നതിനും തീരുമാനിച്ചു.

**9. ശ്രീമതി. ലെജി എച്ച്. ഓവർസിയർ ഗ്രേഡ് - I**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ കൊല്ലം യൂണിറ്റിൽ 7/32 KLM നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിലെ രണ്ടാം പ്രതിയാണ് ശ്രീമതി. ലെജി എച്ച്. കേസന്വേഷണത്തിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ നിന്നും ടിയാരിയെ സ്ഥലംമാറ്റി നിയമിച്ച് റിപ്പോർട്ട് ചെയ്യണമെന്ന് വിജിലൻസ് വകുപ്പ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ടിയാരിയെ പത്തനംതിട്ട വെച്ചൂർ ഗ്രാമ പഞ്ചായത്തിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ചിട്ടുള്ളത് എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിൻ പ്രകാരം ടിയാളുടെ അപ്പീൽ അപേക്ഷ നിരസിക്കുവാൻ തീരുമാനിച്ചു.

**10. ശ്രീ. പ്രവീൺ കുമാർ കെ. ഓവർസിയർ ഗ്രേഡ് - I**

ശ്രീ.പ്രവീൺ കുമാർ കെ-യുടെ അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടത്ര പ്രകാരം ടിയാന് കോഴിക്കോട്

ജില്ലയിലെ പുറമേരി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം നൽകിയതായും, ടിയാന്റെ പരാതി പരിഹരിക്കപ്പെട്ടിട്ടുള്ളതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത അപ്പീൽ അപേക്ഷ തീർപ്പാക്കുവാൻ തീരുമാനിച്ചു.

**<u>11. ശ്രീ. സജ്ജദ് കെ.പി, ഓവർസിയർ ഗ്രേഡ് - III</u>**

ശ്രീ.സജ്ജദ്.കെ.പി കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ നിന്നും കായണ്ണ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്നാണ് അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്. ടിയാൻ കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ 31.03.2023 നാണ് സേവനത്തിൽ പ്രവേശിച്ചിട്ടുള്ളത്. ശ്രീ. സജ്ജദ് കെ.പി. ഓപ്റ്റ് ചെയ്തിരുന്ന സ്റ്റേഷനിൽ നിലവിൽ ഒഴിവില്ല. പൊതുസ്ഥലംമാറ്റ മാനദണ്ഡപ്രകാരം ടിയാനെ പരിഗണിക്കുവാൻ സാധിക്കുകയില്ലായെങ്കിലും, 45% ഡിസെബിലിറ്റി ഉണ്ട് എന്നത് പരിഗണിച്ച്, ക്യൂ ലിസ്റ്റിലെ സീനിയോറിറ്റി അനുസരിച്ച് ടിയാൾക്ക് സ്ഥലംമാറ്റം നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു.

2) അപ്പീൽ കമ്മിറ്റിയുടെ മേൽ തീരുമാനം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി.രജിത.കെ.വി, ശ്രീമതി.ഷീബ ജോർജ്, ശ്രീമതി.അർച്ചന പങ്കജ്, ശ്രീ.പ്രദീപ് കുമാർ.സി, ശ്രീമതി.ലിപിത.കെ.പി, ശ്രീമതി.സ്മിത.പി.എസ്, ശ്രീമതി.ആതിര.എൻ, ശ്രീമതി.ലാലി സേവിയർ.കെ, ശ്രീമതി.ലെജി.എച്ച്, ശ്രീ.പ്രവീൺ കുമാർ.കെ, ശ്രീ.സജ്ജദ്.കെ.പി എന്നിവർ സമർപ്പിച്ച അപ്പീൽ അപേക്ഷ അപ്പീൽ കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് തീർപ്പാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

1 പ്രിൻസിപ്പൽ ഡയറക്ടർ, തസ്വഭവ, തിരുവനന്തപുരം.
2 ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
5. വെബ്&ന്യൂമീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Keerthi I.p
സെക്ഷൻ ഓഫീസർ
Date: 11-10-2023 11:50:30